**മധുരമായ കുട്ടികളേ - എത്ര സ്നേഹത്തോടെ യജ്ഞസേവനം ചെയ്യുന്നുവോ അത്രയും സമ്പാദ്യമാണ്, സേവനം ചെയ്ത് ചെയ്ത് നിങ്ങൾ ബന്ധനമുക്തരായി തീരും, സമ്പാദ്യം ശേഖരിക്കപ്പെടും.**

**ചോദ്യം:-** സ്വയം സദാ സന്തോഷത്തോടെയിരിക്കണമെങ്കിൽ ഏതൊരു യുക്തി സ്വീകരിക്കണം?
**ഉത്തരം:-** സ്വയത്തെ സേവനത്തിൽ സദാ ബിസിയാക്കി വെയ്ക്കൂ എങ്കിൽ സദാ സന്തോഷം ഉണ്ടായിരിക്കും, സമ്പാദ്യം ഉണ്ടായിക്കൊണ്ടേയിരിക്കും. സേവനത്തിന്റെ സമയത്ത് വിശ്രമത്തിന്റെ ചിന്ത ഉണ്ടാകരുത്. എത്ര സേവനം ലഭിക്കുന്നുവൊ അത്രയും സന്തോഷം ഉണ്ടാകണം. സത്യസന്ധരായി സ്നേഹത്തോടെ സേവനം ചെയ്യൂ. സേവനത്തിനോടൊപ്പം മധുരതയുമുള്ളവരാകണം. ഒരു അവഗുണവും നിങ്ങൾ കുട്ടികളിൽ ഉണ്ടാകരുത്.

**ഗീതം:-** ഈ സമയം പൊയ്ക്കൊണ്ടിരിക്കുന്നു.....

**ഓം ശാന്തി.** ഇതാരാണ് പറഞ്ഞത്? ബാബ കുട്ടികളോട് പറഞ്ഞു. ഇതാണ് പരിധിയില്ലാത്ത കാര്യം. മനുഷ്യന് വയസ്സാകുമ്പോൾ മനസ്സിലാകുന്നു- വളരെ സമയം കഴിഞ്ഞു, ഇനി കുറച്ച് സമയമേ ബാക്കിയുള്ളൂ, എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യണം എന്ന്, അതിനാൽ വാനപ്രസ്ഥ അവസ്ഥയിൽ സത്സംഗത്തിൽ പോകുന്നു. മനസ്സിലാക്കുന്നു- ഗൃഹസ്ഥത്തിൽ വളരെയധികം ചെയ്തു, ഇനി കുറച്ച് നല്ല കാര്യം ചെയ്യാം എന്ന്. വാനപ്രസ്ഥത്തിന്റെ അർത്ഥം തന്നെ വികാരങ്ങളെ ഉപേക്ഷിക്കുക എന്നാണ്. കുടുംബവുമായുള്ള സംബന്ധത്തെ ഉപേക്ഷിക്കുക, അതിനാൽ സത്സംഗത്തിൽ പോകുന്നു. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യമേയില്ല. ബാക്കി കുറച്ച് സമയമേയുള്ളു. ജന്മ ജന്മാന്തരങ്ങളിലെ പാപ ഭാരങ്ങൾ ശിരസ്സിലുണ്ട്. ഈ സമയത്ത് തന്നെ ബാബയിൽ നിന്നും സമ്പത്തെടുക്കൂ. അവർ സന്യാസിമാരുടെയടുത്ത് പോകുന്നു, എന്നാൽ യോഗം വെയ്ക്കുന്നതിന് അവർക്ക് ലക്ഷ്യമില്ല. ബാക്കി പാപങ്ങൾ കുറയുന്നു. വലിയ പാപം വികാരങ്ങളുടേതാണ്. ജോലി ഉപേക്ഷിക്കുന്നു. ഇന്നത്തെക്കാലത്ത് തമോപ്രധാന അവസ്ഥയിൽ പോലും വികാരങ്ങളെ ഉപേക്ഷിക്കുന്നില്ല. 70-80 വയസ്സുള്ളവർ പോലും കുട്ടികൾക്ക് ജന്മം കൊടുക്കുന്നു. ബാബ പറയുന്നു- ഇപ്പോൾ ഈ രാവണരാജ്യം നശിക്കണം.സമയം കുറച്ചേയുള്ളു, അതിനാൽ ബാബയെ ഓർമ്മിച്ചു കൊണ്ടിരിക്കൂ, സ്വദർശന ചക്രം കറക്കി കൊണ്ടിരിക്കൂ. തിരികെ പോകാൻ കുറച്ച് ദിനങ്ങളെയുള്ളൂ. ശിരസ്സിൽ പാപങ്ങളുടെ ഭാരം നിറയെയുണ്ട്, അതിനാൽ എത്രത്തോളം സാധിക്കുന്നുവൊ സമയം കണ്ടെത്തി എന്നെ ഓർമ്മിക്കൂ. ജോലിയെല്ലാം ചെയ്യണം കാരണം നിങ്ങൾ കർമ്മയോഗികളാണ്. 8 മണിക്കൂർ ഓർമ്മയിലിരിക്കണം. അത് അവസാനം സംഭവിക്കും. വൃദ്ധരായ അമ്മമാർ മാത്രമാണ് ഓർമ്മിക്കേണ്ടത് എന്ന് കരുതരുത്. അല്ല, സർവ്വരുടെയും മൃത്യു ഇപ്പോൾ സമീപത്താണ്. ഈ പഠിത്തം സർവ്വർക്കും വേണ്ടിയുള്ളതാണ്. കൊച്ചു കുട്ടികൾക്കും മനസ്സിലാക്കി കൊടുക്കണം. ഞാൻ ആത്മാവാണ്, പരംധാമിൽ നിന്നും വന്നിരിക്കുന്നു. തീർത്തും സഹജമാണ്. ഗൃഹസ്ഥത്തെയും പാലിക്കണം. ഗൃഹസ്ഥത്തിലിരുന്ന് കൊണ്ടും പഠിത്തം പഠിക്കണം. പിന്നെ സേവനയുക്തരാകുമ്പോൾ ബന്ധനം സ്വതവേ ഇല്ലാതാകും. വീട്ടുകാർ താനേ പറയും- നിങ്ങൾ സേവനം ചെയ്തോളൂ, ഞങ്ങൾ കുട്ടികളെ സംരക്ഷിക്കാം അല്ലെങ്കിൽ ജോലിക്കാരിയെ വെയ്ക്കാം. അങ്ങനെയാണെങ്കിൽ അതിൽ അവർക്കും നേട്ടമുണ്ട്. ഒരു വീട്ടിൽ 5-6 കുട്ടികളുണ്ട്, സ്ത്രീ സർവ്വീസബിളാണ്, സേവനം ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ കുട്ടികളെ സംരക്ഷിക്കാൻ വേണ്ടി ജോലിക്കാരിയെ വെയ്ക്കാം. കാരണം അതിൽ സ്വയത്തിന്റെയും, മറ്റുള്ളവരുടെയും മംഗളം ഉണ്ട്. രണ്ട് പേർക്കും സേവനത്തിൽ മുഴുകാൻ സാധിക്കും. സേവനത്തിന് പല വിധികളുണ്ട്. രാവിലെയും സന്ധ്യാ സമയത്തും സേവനം ചെയ്യാം. പകൽ മാതാക്കളുടെ ക്ലാസ്സ് തീർച്ചയായും ഉണ്ടായിരിക്കണം. ബാബയുടെ കുട്ടികൾ സേവനത്തിന്റെ സമയത്ത് ഉറങ്ങരുത്. ചില കുട്ടികൾ യുക്തിയോടെ സമയം വെയ്ക്കുന്നു. പകൽ ആരെങ്കിലും വരട്ടെയെന്ന് മനസ്സിലാക്കുന്നു. വ്യാപാരികളും ജോലിക്കാരും പകൽ ഉറങ്ങാറില്ല. ഇവിടെ എത്രത്തോളം ബാബയുടെ യജ്ഞ സേവനം ചെയ്യുന്നുവൊ അത്രയും സമ്പാദ്യം തന്നെ സമ്പാദ്യമാണ്. വളരെ നേട്ടമുണ്ട്. മുഴുവൻ ദിവസവും ജോലിയിൽ ബിസിയായിട്ടിരിക്കണം. പ്രദർശിനിയിൽ വളരെ ബിസിയാകുന്നു. പറയുന്നു- ബാബാ..പറഞ്ഞു കൊടുത്ത് തൊണ്ടയിടറുന്നു കാരണം പെട്ടെന്ന് വന്നാണ് സേവനം ചെയ്യുന്നത്. സദാ ഇങ്ങനെ സേവനം ചെയ്യുന്നവർക്ക് തൊണ്ടയുടെ പ്രശ്നം ഉണ്ടാകുകയില്ല. ശീലമാകുമ്പോൾ പിന്നെ ക്ഷീണവുമുണ്ടാകില്ല. എല്ലാവരും ഒരേപോലെയുമല്ല. ചിലർ വളരെ സത്യസന്ധരായിരിക്കും, എത്ര സേവനം ലഭിച്ചാലും സന്തോഷമായിരിക്കും, കാരണം നല്ല രീതിയിൽ സേവനത്തിൽ മുഴുകുന്നവർക്ക് പ്രാപ്തിയും ലഭിക്കുന്നു. നിങ്ങൾ വളരെ മധുരമാകണം, അവഗുണങ്ങളെ ഇല്ലാതാക്കണം. ശ്രീ

കൃഷ്ണന്റെ മഹിമ പാടാറുണ്ട്– സർവ്വഗുണ സമ്പന്നൻ... ഇവിടെ എല്ലാവരിലും ആസുരീയ ഗുണങ്ങളാണ്. ഒരു കുറവും ഉണ്ടാകരുത്, അങ്ങനെ മധുരമാകണം. സേവനം ചെയ്താലേ ഇങ്ങനെയാകുകയുള്ളൂ. എവിടെയും പോയി സേവനം ചെയ്യണം. രാവണന്റെ പിടിയിൽ നിന്നും സർവ്വരെയും രക്ഷിക്കണം. ആദ്യം സ്വന്തം ജീവിതത്തെ ശ്രേഷ്ഠമാക്കണം. നമ്മൾ ചെയ്തില്ലെങ്കിൽ നമുക്ക് നഷ്ടം ഉണ്ടാകും. ആദ്യം ഈ ആത്മീയ സേവനമാണ്. മറ്റുള്ളവരുടെ നന്മ ചെയ്യണം, നിരോഗി, ധനവാൻ, ആയുസ്സുള്ളവരാക്കണം. മുഴുവൻ ദിവസം ഇതേ ചിന്തയുണ്ടായിരിക്കണം. അങ്ങനെയുള്ള കുട്ടികൾക്കേ ബാബയുടെ ഹൃദയത്തിൽ സ്ഥാനവും, സിംഹാസനസ്ഥരുമാകാൻ സാധിക്കൂ. ആദ്യം ബാബയുടെ പരിചയം നല്കണം. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്, ബാബയെ അറിയാമോ? പരമപിതാ പരമാത്മാവുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണ് ഉള്ളത്? പരിചയം നല്കിയാലേ ബാബയോട് അവർക്ക് സ്നേഹം ഉണ്ടാകൂ. ബാബ പറയുന്നു– ഞാൻ കല്പത്തിന്റെ സംഗമയുഗത്തിൽ വന്ന് നരകത്തെ സ്വർഗ്ഗമാക്കുന്നു. കൃഷ്ണന് ഇങ്ങനെ പറയാൻ സാധിക്കില്ല. കൃഷ്ണൻ സ്വർഗ്ഗത്തിലെ പ്രിൻസാണ്. രൂപം മാറിക്കൊണ്ടിരിക്കുന്നു. വൃക്ഷത്തിന്റെ ചിത്രം വെച്ച് പറഞ്ഞു കൊടുക്കണം, മുകളിൽ പതിത ലോകത്തിൽ ബ്രഹ്മാവ് നില്ക്കുന്നു. അദ്ദേഹം പതിതമാണ്, താഴെ തപസ്സ് ചെയ്തുകൊണ്ടിരിക്കുന്നു. ബ്രഹ്മാവിന്റെ വംശാവലികളുമുണ്ട്. പരമപിതാ പരമാത്മാവ് തന്നെ വന്ന് പതിതത്തിൽ നിന്നും പാവനമാക്കുന്നു. പതിതർ തന്നെ വീണ്ടും പാവനമാകുന്നു. കൃഷ്ണനെയും ശ്യാം സുന്ദർ എന്നു പറയുന്നു. പക്ഷെ അർത്ഥം മനസ്സിലാക്കുന്നില്ല. നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും– ഇദ്ദേഹം പതിതമാണെന്ന്. യഥാർത്ഥ പേര് ബ്രഹ്മാവെന്നല്ല, ഏതു പോലെ നിങ്ങൾ എല്ലാവരുടെയും പേര് മാറ്റിയിരുന്നു, അതേപോലെ ബാബ ഇദ്ദേഹത്തെയും ദത്തെടുത്തു. ഇല്ലായെങ്കിൽ ശിവബാബ ബ്രഹ്മാവിനെ എവിടെ നിന്ന് കൊണ്ടു വന്നു? പത്നിയല്ല. തീർച്ചയായും ദത്തെടുത്തു. ബാബ പറയുന്നു– എനിക്ക് ഇദ്ദേഹത്തിൽ തന്നെ പ്രവേശിക്കണം. പ്രജാപിതാവിന് മുകളിലിരിക്കാൻ സാധിക്കില്ല, ഇവിടെ വേണം. ആദ്യം ഈ നിശ്ചയം ഉണ്ടായിരിക്കണം. ഞാൻ സാധാരണ ശരീരത്തിലാണ് പ്രവേശിക്കുന്നത്. ഗോശാല എന്ന പേര് ഉള്ളത് കാരണം കാളയെയും പശുക്കളെയും കാണിക്കുന്നു. ഇപ്പോൾ പശുവിന് ജ്ഞാനം നല്കിയോ അതോ പശുവിനെ മേയ്ച്ചോ എന്ന് എഴുതിയിട്ടില്ല. ചിത്രത്തിൽ കൃഷ്ണനെ പശുക്കളെ മേയ്ക്കുന്നവനായി കാണിക്കുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ മറ്റു ധർമ്മങ്ങളിൽ ഇല്ല. ഇതെല്ലാം ഭക്തി മാർഗ്ഗത്തിൽ അടങ്ങിയിട്ടുള്ളതാണ്. ഇപ്പോൾ കുട്ടികളാകുന്ന നിങ്ങൾക്കറിയാം പഴയ ലോകത്തിന്റെ വിനാശവും, പുതിയ ലോകത്തിന്റെ സ്ഥാപനയും നടന്നു കൊണ്ടിരിക്കുന്നു. ബാബ പറയുന്നു– ഈ സൃഷ്ടി ചക്രത്തെ മനസ്സിലാക്കുന്നതിലൂടെ തന്നെയാണ് നിങ്ങൾ ഭാവിയിലെ പ്രിൻസ് പ്രിൻസസ് ആകുന്നത്. അമരലോകത്തിൽ ഉയർന്ന പദവിയും പ്രാപ്തമാക്കും. നിങ്ങൾ എന്തെല്ലാം പഠിക്കുന്നുവൊ– ഭാവിയിലേക്ക് പുതിയ ലോകത്തേയ്ക്ക് വേണ്ടിയാണ്. നിങ്ങൾ ഈ പഴയ ശരീരം ഉപേക്ഷിച്ച് ധനവാന്റെ വീട്ടിൽ ജന്മമെടുക്കും. ആദ്യം കുട്ടിയായിരിക്കും, വലുതായി ഫസ്റ്റ് ക്ലാസ് കൊട്ടാരം ഉണ്ടാക്കും. തതത്വം. ശിവബാബ പറയുന്നു– ഈ മമ്മാ ബാബ നല്ല രീതിയിൽ പഠിക്കുന്നു, നിങ്ങളും പഠിക്കൂ എങ്കിൽ ഉയർന്ന പദവി നേടാൻ സാധിക്കും. രാത്രിയിൽ ഉണരൂ, വിചാര സാഗര മഥനം ചെയ്യൂ എങ്കിൽ സന്തോഷം ഉണ്ടാകും. ആ സമയത്ത് തന്നെയാണ് സന്തോഷത്തിന്റെ ലഹരി വർദ്ധിക്കുന്നത്. പകൽ ജോലിയുടെയൊക്കെ ബന്ധനമുണ്ടാകും. രാത്രി യാതൊരു ബന്ധനവുമില്ല. രാത്രി ബാബയുടെ ഓർമ്മയിൽ ഉറങ്ങുകയാണെങ്കിൽ രാവിലെ ബാബ വന്ന് കട്ടിൽ കുലുക്കും. അങ്ങനെയും നിറയെ പേർ അനുഭവം എഴുതാറുണ്ട്. ധൈര്യമുള്ള കുട്ടികൾക്ക് തീർച്ചയായും ബാബയുടെ സഹായമുണ്ട്. സ്വയത്തിന്റെ മേൽ വളരെ ശ്രദ്ധ വെയ്ക്കൂ. സന്യാസിമാരുടെ ധർമ്മം വേറെയാണ്. ഒരു ധർമ്മത്തിൽ എത്ര സംഖ്യയുണ്ടോ അത്രയും പേരേ വരുകയുള്ളൂ. മറ്റ് ധർമ്മങ്ങളിൽ മാറി പോയവർ വീണ്ടും തന്റെ ധർമ്മത്തിൽ വരും. സന്യാസ ധർമ്മത്തിൽ ഒന്നോ രണ്ടോ കോടി അഭിനേതാക്കൾ ഉണ്ടെങ്കിൽ, അത്രയും തന്നെ വീണ്ടും ഉണ്ടാകും. ഈ ഡ്രാമ വളരെ കൃത്യമായി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ഓരോരുത്തരും ഓരോ ധർമ്മത്തിലേക്ക് മാറി പോയി. അവർ എല്ലാവരും അവരവരുടെ ധർമ്മത്തിലേക്ക് പോകും. ഈ ജ്ഞാനം ബുദ്ധിയിൽ ഉണ്ടായിരിക്കണം.

ഇപ്പോൾ നമ്മൾ പറയുന്നു ഞാൻ ആത്മാവാണ്, ശിവബാബയുടെ സന്താനമാണ്. ഈ മുഴുവൻ വിശ്വവും എന്റേതാണ്. നമ്മൾ രചയിതാവായ ശിവബാബയുടെ മക്കളായി തീർന്നു. നാം വിശ്വത്തിന്റെ അധികാരിയാണ്. ഇത് ബുദ്ധിയിൽ ഉണ്ടായിരിക്കണം എങ്കിൽ അളവറ്റ സന്തോഷം ഉണ്ടായിരിക്കും. മറ്റുള്ളവർക്കും സന്തോഷം നല്കണം, മാർഗ്ഗം പറഞ്ഞു കൊടുക്കണം. ദയാമനസ്കരാകണം. സ്വന്തം ഗ്രാമത്തിന്റെ സേവനം ചെയ്യണം. സർവ്വരെയും ക്ഷണിക്കണം, ബാബയുടെ പരിചയം നല്കണം. കൂടുതൽ മനസ്സിലാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ പറയൂ– ഈ സൃഷ്ടി ചക്രം എങ്ങനെ കറങ്ങുന്നുവെന്നത് മനസ്സിലാക്കിത്തരാം എന്ന്. സേവനം നിറയെയുണ്ട്. എന്നാൽ നല്ല നല്ല കുട്ടികൾക്ക് പോലും ഇടയ്ക്കിടയ്ക്ക് ഗ്രഹപിഴ വരുന്നു, മനസ്സിലാക്കി കൊടുക്കാൻ താല്പര്യം കാണുന്നില്ല. അല്ലായെങ്കിൽ ബാബയ്ക്ക് എഴുതണം– ബാബാ

സേവനം ചെയ്തു, ഇന്ന ഫലം ലഭിച്ചു, ഇങ്ങനെ ഇങ്ങനെ മനസ്സിലാക്കി കൊടുത്തു. അപ്പോൾ ബാബയും സന്തോഷിക്കും. ബാബ മനസ്സിലാക്കും ഇവർക്ക് സേവനത്തിന്റെ താല്പര്യമുണ്ടെന്ന്. ഇടയ്ക്ക് ക്ഷേത്ര ങ്ങളിൽ, ഇടയ്ക്ക് ശ്മശാനത്തിൽ, ഇടയ്ക്ക് പള്ളികളിൽ പോകണം. ചോദിക്കണം– ഗോഡ് ഫാദറുമായി നിങ്ങൾക്ക് എന്തു സംബന്ധമാണുള്ളത്? ബാബ അച്ഛനാണെങ്കിൽ, നമ്മൾ മക്കളാണെന്ന് മുഖത്തിലൂടെ പറയണം. സ്വർഗ്ഗം സ്ഥാപിക്കുന്ന ബാബയാണ് പറയുന്നത് അപ്പോൾ തീർച്ചയായും സ്വർഗ്ഗം രചിക്കും. എത്ര സഹജമാണ്. ഇനിയുള്ള സമയത്ത് നിറയെ ആപത്ത് വരും. മനുഷ്യർക്ക് വൈരാഗ്യം ഉണ്ടാകും. ശ്മശാനത്തിൽ മനുഷ്യർക്ക് വൈരാഗ്യം വരുന്നു. ലോകത്തിന്റെ സ്ഥിതി അതായി മാറും. ഇതിനേക്കാൾ നല്ലതല്ലേ ഭഗവാനെ ലഭിക്കുന്നതിനുള്ള മാർഗ്ഗം കണ്ടുപിടിക്കുക എന്നത്. പിന്നെ ഈ ബന്ധനങ്ങളിൽ നിന്നും മുക്തമാകുന്നതിനുള്ള മാർഗ്ഗം ഗുരുക്കൻമാരോട് ചോദിക്കുന്നു.

നിങ്ങൾ തന്റെ കുട്ടികളെയും പാലിക്കണം, സേവനവും ചെയ്യണം. മമ്മാ ബാബയ്ക്ക് നോക്കൂ എത്ര കുട്ടി കളാണ്. അത് പരിധിയുള്ള കുടുംബം, ഈ ബാബ പരിധിയില്ലാത്ത അധികാരിയാണ്. പരിധിയില്ലാത്ത സഹോദരി സഹോദരൻമാർക്ക് മനസ്സിലാക്കി തരുന്നു. ഇത് എല്ലാവരുടെയും അന്തിമ ജന്മമാണ്. ബാബ വജ്ര സമാനമാക്കാനാണ് വന്നിരിക്കുന്നത്. പിന്നെ നിങ്ങൾ കക്കകൾക്ക് പിന്നാലെ എന്തിനു പോകുന്നു? രാവിലെയും, സന്ധ്യയ്ക്കും വജ്ര സമാനമാകുന്നതിനുള്ള സേവനം ചെയ്യൂ. പകൽ പണത്തിനുള്ള ജോലി ചെയ്യൂ. സേവനം ചെയ്യുന്ന കുട്ടികൾക്ക് അടിക്കടി ബുദ്ധിയിൽ ബാബയുടെ ഓർമ്മ വന്നു കൊണ്ടിരി ക്കും, അത് അഭ്യാസമായി തീരും. ആരുടെയടുത്താണൊ ജോലി ചെയ്യുന്നത്, അവർക്കും ലക്ഷ്യം നല്ക ണം. പക്ഷെ വരുന്നത് കോടിയിൽ ചിലരാണ്. ഇന്നല്ലെങ്കിൽ നാളെ ഓർമ്മിക്കും– ഇന്ന കൂട്ടുകാരൻ എന്നോട് ഈ കാര്യം പറഞ്ഞിരുന്നുവെന്ന്. ഉയർന്ന പദവി നേടണമെങ്കിൽ ധൈര്യം വേണം. ഭാരത ത്തിന്റെ സഹജയോഗവും ജ്ഞാനവും പ്രശസ്തമാണ്. എന്നാൽ എന്തായിരുന്നു, എങ്ങനെയായിരുന്നു എന്നറിയുന്നില്ല. ഈ ഉത്സവങ്ങളെല്ലാം സംഗമയുഗത്തിലേതാണ്. സത്യയുഗത്തിൽ രാജധാനിയാണ്. ചരിത്രം മുഴുവൻ സംഗമയുഗത്തിന്റേതാണ്. സത്യയുഗത്തിലെ ദേവതമാർക്ക് രാജ്യ പദവി എവിടെ നിന്ന് ലഭിച്ചു, ഇതും ഇപ്പോഴാണ് നമ്മൾ മനസ്സിലാക്കുന്നത്. നിങ്ങൾക്കറിയാം നമ്മൾ തന്നെയാണ് രാജ്യം നേടുന്നതും നഷ്ടപ്പെടുത്തുന്നതും, ആര് എത്രത്തോളം സേവനം ചെയ്യുന്നുവൊ അതിനനുസരിച്ചാണ്. ഇപ്പോൾ പ്രദർശനിയുടെ സേവനം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഗ്രാമ ഗ്രാമങ്ങളിൽ പ്രൊജക്ടർ ഷോ ഉണ്ടാകും. ഈ സേവനം വളരെ വിസ്താരം പ്രാപ്തമാക്കും. കുട്ടികളും അഭിവൃദ്ധി പ്രാപ്തമാക്കി കൊണ്ടിരിക്കും. പിന്നെ ഈ ഭക്തി മാർഗ്ഗത്തിന് യാതൊരു മൂല്യവുമുണ്ടാകില്ല. ഇത് ഡ്രാമയിലുണ്ടായിരുന്നു. ഇത് എന്ത് കൊണ്ട് സംഭവിച്ചു എന്നല്ല. ഇങ്ങനെ ചെയ്തില്ലായിരുന്നെങ്കിൽ ഇങ്ങനെ സംഭവിച്ചേനേ– ഇത് പോലും പറയാൻ സാധിക്കില്ല. കഴിഞ്ഞു പോയതെല്ലാം നല്ലതിനായിരുന്നു, ഇനി ശ്രദ്ധിക്കണം. മായ ഒരു വികർമ്മവും ചെയ്യിക്കരുത്. മനസ്സിൽ കൊടുങ്കാറ്റ് വരും, എന്നാൽ കർമ്മേന്ദ്രിയങ്ങളിലൂടെ യാതൊരു വികർമ്മവും ചെയ്യരുത്. വ്യർത്ഥ സങ്കല്പങ്ങൾ വളരെയധികം വരും, എന്നാലും പുരുഷാർത്ഥം ചെയ്ത് ശിവബാ ബയെ ഓർമ്മിച്ചു കൊണ്ടിരിക്കൂ. നിരാശരാകരുത്. ചില കുട്ടികൾ എഴുതുന്നു– ബാബാ 15–20 വർഷമായി രോഗം കാരണം പവിത്രമായി ജീവിക്കുന്നു, എന്നാലും മനസ്സ് വളരെ മോശമാണ്. ബാബ എഴുതുന്നു– കൊടുങ്കാറ്റ് വളരെയധികം വരും, മായ ശല്യപ്പെടുത്തും, എന്നാലും വികാരത്തിൽ പോകരുത്. ഇത് നിങ്ങ ളുടെ തന്നെ വികർമ്മങ്ങളുടെ കർമ്മ കണക്കാണ്. യോഗബലത്തിലൂടെ മാത്രമേ ഇല്ലാതാകൂ, ഭയക്കരുത്. മായ വളരെ ശക്തിശാലിയാണ്. ആരെയും വെറുതെ വിടുന്നില്ല. സേവനം വളരെയധികം ഉണ്ട്, എത്ര വേണമെങ്കിലും ചെയ്യാം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) പകൽ ശരിരനിർവാഹാർത്ഥം കർമ്മവും, രാവിലെയും വൈകുന്നേരവും ജീവിതത്തെ വജ്ര സമാനമാ ക്കുന്നതിന് തീർച്ചയായും ആത്മീയ സേവനവും ചെയ്യണം. സർവ്വരെയും രാവണന്റെ പിടിയിൽ നിന്നും മോചിപ്പിക്കണം.

2) മായ ഒരു വികർമ്മവും ചെയ്യിക്കാതിരിക്കുന്നതിന് വളരെ വളരെ ശ്രദ്ധിക്കണം. കർമ്മേന്ദ്രിയങ്ങളിലൂടെ ഒരിക്കലും ഒരു വികർമ്മവും ചെയ്യരുത്. ആസുരീയ അവഗുണങ്ങളെ ഇല്ലാതാക്കണം.

**വരദാനം:- ഹൃദയത്തിന്റെ തപസ്യയിലൂടെ സന്തുഷ്ടതയുടെ സർട്ടിഫിക്കേറ്റ് പ്രാപ്തമാക്കുന്ന സർവ്വരുടെയും ആശീർവ്വാദങ്ങളുടെ അധികാരിയായി ഭവിക്കൂ**

തപസ്യയുടെ ചാർട്ടിൽ തനിക്ക് സർട്ടിഫിക്കേറ്റ് നൽകുന്നവർ ധാരാളമുണ്ട് എന്നാൽ സർവ്വരുടെയും സന്തുഷ്ടതയുടെ സർട്ടിഫിക്കേറ്റ് അപ്പോഴാണ് ലഭിക്കുക എപ്പോഴാണോ ഹൃദയത്തിന്റെ തപസ്യ ഉണ്ടാകുന്നത്, സർവ്വരെ പ്രതിയും ഹൃദയത്തിന്റെ സ്നേഹമുണ്ടാകുന്നത്, നിമിത്ത ഭാവവും ശുഭ ഭാവവുമുണ്ടാകുന്നത്. ഇങ്ങനെയുള്ള കുട്ടികൾ സർവ്വരുടെയും ആശീർവ്വാദത്തിന് അധികാരിയായി തീരുന്നു. ഏറ്റവും കുറഞ്ഞത് 95 ശതമാനം ആത്മാക്കളും സന്തുഷ്ടതയുടെ സർട്ടിഫിക്കറ്റ് നൽകണം, എല്ലാവരുടെയും വായിലൂടെ വരണം അതെ ഇവർ നമ്പർവണ്ണാണ്, ഇങ്ങനെ എല്ലാവരുടെയും ഹൃദയത്തിൽ നിന്നുള്ള ആശീർവ്വാദങ്ങളുടെ സർട്ടിഫിക്കേറ്റ് പ്രാപ്തമാക്കുന്നവർ തന്നെയാണ് ബാബയ്ക്ക് സമാനമാകുന്നത്.

**സ്ലോഗൻ:- സമയത്തെ അമൂല്യമാണെന്ന് മനസ്സിലാക്കി സഫലമാക്കൂ എങ്കിൽ സമയത്ത് വഞ്ചന അനുഭവിക്കില്ല.**